പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.343. 08.06.2015 ൽ മറുപടിയ്ക്ക്.

## വിദ്യാർത്ഥികൾക്ക് പ്രഖ്യാപിച്ച സൗജന്യ യാത്രാനുമതി

| ചോദ്യം<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ ഗവൺമെന്റ് പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രഖ്യാപിച്ച സൗജന്യ യാത്രാനുമതി KSRTC നടപ്പാക്കിയിട്ടുണ്ടോ ;എങ്കിൽ എത്ര പേർക്ക് ഇതു പ്രകാരമുള്ള സൗജന്യ യാത്രാനുമതി നൽകി ; | (എ) | ഉണ്ട്. ഏകദേശം 1,32,000 വിദ്യാർത്ഥികൾക്ക്. |
| (ബി) | ഈ അധ്യയന വർഷം അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്കൂൾ തുറക്കുന്ന സമയം മുതൽ ഈ യാത്രാ സൗജന്യം അനുവദിക്കാൻ അനുമതി നൽകാതിരിക്കുന്നത് എന്തുകൊണ്ട് ; | (ബി) & (സി) | പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിച്ചുകൊണ്ട് 31/01/2015 ൽ പുറപ്പെടുവിച്ച ഉത്തരവിൽ ചില അവ്യക്തതകൾ ഉണ്ടായിരുന്നതിനാലാണ് എല്ലാ വിദ്യാർത്ഥികൾക്കും ഈ അദ്ധ്യയന വർഷാരംഭം മുതൽ യാത്രാ സൗജന്യം അനുവദിക്കാൻ കഴിയാതെ വന്നത്. ഇതുസംബന്ധിച്ച് വ്യക്തത വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 31/01/2015 ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.4/2015/ഗതാ. എന്ന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | കഴിഞ്ഞ അധ്യയന വർഷം KSRTC കൺസഷൻ ഉപയോഗിച്ചവർക്ക് കഴിഞ്ഞ വർഷം മാത്രമായി പ്രഖ്യാപിച്ച സൗജന്യ യാത്രാനുമതി നിജപ്പെടുത്തുന്നതിന് KSRTC യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത അറിയിപ്പിന്റെ കോപ്പി ലഭ്യമാക്കുമോ ; | | |

| | | | |
|---|---|---|---|
| (ഡി) | ഉദ്യോഗസ്ഥരുടേതായ ഇത്തരം നിബന്ധനകളൊഴിവാക്കി ഈ വർഷം മുതൽ എല്ലാ പ്ലസ് ടു തലം വരെയുള്ള കുട്ടികൾക്കും യാത്രാ സൗജന്യാനുമതി അനുവദിക്കുന്നതിന് നിർദ്ദേശം നൽകുമോ ? | (ഡി) | കെ.എസ്.ആർ.ടി.സി. ബസ്സിൽ സൗജന്യ നിരക്കിൽ യാത്ര ചെയ്യുന്ന പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക്, 10/- രൂപ ഈടാക്കി കൊണ്ട് വേണ്ടത്ര വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കുന്ന ഒരു കാർഡ് അനുവദിച്ച് നൽകി പൂർണ്ണമായും സൗജന്യ യാത്ര അനുവദിച്ച് 10.06.2015-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - കേരള സംസ്ഥാനത്ത് പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് പൂർണ്ണമായും സൗജന്യ യാത്ര അനുവദിക്കുന്നത് - സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗതാഗത (ബി) വകുപ്പ്**

**സ.ഉ. (എം.എസ്.) നം: 04/2015/ഗതാ തിരുവനന്തപുരം, തീയതി 31/01/2015**

പരാമർശം: 1. 07.01.2015-ലെ 921/ബി1/2014/ഗതാ നമ്പർ സർക്കാർ കത്ത്
2. കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടറുടെ 17.01.2015-ലെ ടിആർ2/032887/14 നമ്പർ കത്ത്.

**ഉത്തരവ്**

കെ.എസ്.ആർ.ടി.സി. ബസ്സിൽ സൗജന്യ നിരക്കിൽ യാത്ര ചെയ്യുന്ന പ്ലസ്-ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് 01.02.2015 മുതൽ പൂർണ്ണമായും സൗജന്യ യാത്ര അനുവദിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഇപ്രകാരം പൂർണ്ണമായ സൗജന്യ യാത്രാ സൗകര്യം പ്രയോജനപ്പെടുത്താൻ, ഇപ്പോൾ കൺസഷൻ സൗകര്യം പ്രയോജനപ്പെടുത്തി വരുന്ന പ്ലസ്-ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് വേണ്ടത്ര വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കുന്ന 10 രൂപയുടെ ഒരു കാർഡ് ടി തുക ഈടാക്കിക്കൊണ്ട് അനുവദിച്ചു നല്കി ഈ പദ്ധതി കെ.എസ്.ആർ.ടി.സി. അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ് എന്ന് സർക്കാർ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ഡോ.വി.എം. ഗോപാല മേനോൻ**
സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി., തിരുവനന്തപുരം
ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി
പകർപ്പ്:
ഗതാഗത (എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
വെബ് & ന്യൂ മീഡിയ

ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്:

സെക്ഷൻ ഓഫീസർ.